"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷൻ-ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന മാർഗ്ഗരേഖ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ) നം.1816/2023/H&FWD തീയതി,തിരുവനന്തപുരം, 24-07-2023

---

പരാമർശം:- 1) സ.ഉ. (സാധാ) നം 131/2023/ആ. കു. വ തീയതി 19/01/2023

2) സ.ഉ. (സാധാ) നം 829/2023/H&FWD തീയതി 10/04/2023

3) 15/06/2023 തീയതിയിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ. എച്ച് .1/11166/2023/ആ.വ.ഡ നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും, അവിടുത്തെ ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനർനിർവ്വചിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ നിന്നും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ് (എം എൽ എസ് പി), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സംബന്ധിച്ചും, ലഭ്യമാകുന്ന മരുന്നുകൾ / ഉപകരണങ്ങൾ, ലാബ് സേവനങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി വിവരിക്കുന്നു.

2) പരാമർശം (2) -ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും ഇതിന്റെ പ്രവർത്തന മാർഗ്ഗരേഖ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും വിശദമാക്കിയിരുന്നു.

3) പരാമർശം (3) -ലെ കത്ത് പ്രകാരം ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന മാർഗ്ഗ രേഖ സംബന്ധിച്ച പ്രൊപോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

4) പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം താഴെപ്പറയുന്ന വിധം അംഗീകരിച്ച് ഉത്തരവാകുന്നു.

എ) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ, അവിടുത്തെ ജീവനക്കാരുടെ ചുമതലകൾ ഉത്തരവാദിത്വങ്ങൾ എന്നിവ മേൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ വിവരിക്കും പ്രകാരം ആയിരിക്കും.

ബി) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേക പ്രവർത്തന മാർഗ്ഗരേഖ ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധം പ്രകാരം ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് , തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

വനിതാ-ശിശു വികസന വകുപ്പ് , തിരുവനന്തപുരം

കോഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി 2, തിരുവനന്തപുരം

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hari G S
Date: 24-07-2023 16:41:55

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്

**അനുബന്ധം**

# ജനകീയ ആരോഗ്യ കേന്ദ്രം

പ്രവർത്തന മാർഗ്ഗരേഖ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

**I) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ:**

സ്വന്തമായി കെട്ടിടമുള്ള കേന്ദ്രങ്ങൾക്ക് ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്ന് ലഭിക്കുന്ന ഏഴ് ലക്ഷം രൂപ ജനകീയ ആരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ദേശീയ ആരോഗ്യ ദൗത്യം വഴി നൽകേണ്ടതാണ്. ഇന്റർനെറ്റ് കണക്ഷൻ കെ-ഫോൺ വഴിയും ലഭ്യമാക്കാവുന്നതാണ്. ടെലിമെഡിസിൻ സേവനങ്ങൾക്കും, പരിശീലനങ്ങൾക്കും, വിവരശേഖരണത്തിനും, റിപ്പോർട്ടുകൾ അയക്കുവാനും ഇവ ഉപയോഗിക്കാവുന്നതാണ്.

23/05/2023 തീയതിയിലെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 ത.സ്വ.ഭ.വ പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത കേന്ദ്രങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊജക്റ്റ് വഴി ഭൂമി വാങ്ങാവുന്നതാണ്. അപ്രകാരം ഏറ്റവും കുറഞ്ഞത് അഞ്ച് സെന്റ് ഭൂമിയെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രം നിർമ്മിക്കാനായി വാങ്ങേണ്ടതാണ്. കൂടാതെ, കെട്ടിടമില്ലാത്ത കേന്ദ്രങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴി ലഭിക്കുന്ന തുക ജനകീയ ആരോഗ്യ കേന്ദ്രം നിർമ്മിക്കാനായി ഉപയോഗിക്കാവുന്നതാണ്.

**II) ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ലഭിക്കുന്ന അധിക സേവനങ്ങളും സൗകര്യങ്ങളും**

ജനസൗഹൃദ അന്തരീക്ഷം സംജാതമാകുന്ന, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ആ.കു.വ ഉത്തരവ് പ്രകാരം കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ വഴി നടപ്പിലാക്കേണ്ട എല്ലാ പ്രവർത്തനങ്ങളും, ഫീൽഡ് തലത്തിലും സ്ഥാപന തലത്തിലും നൽകേണ്ട എല്ലാ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ സേവനങ്ങളും ലഭ്യമാക്കേണ്ടതാണ്. കൂടാതെ ക്ലിനിക്കൽ സേവനങ്ങൾ (പ്രഥമ ശുശ്രൂഷ, ഡിസ്ചാർജ് ആകുന്ന രോഗികളുടെ തുടർ പരിചരണം, ജീവിതശൈലീ രോഗ സാദ്ധ്യത കണ്ടെത്തലും രോഗനിർണ്ണയവും, ശ്വാസകോശ രോഗ സാദ്ധ്യത കണ്ടെത്തൽ, ജീവിതശൈലീ രോഗ സങ്കീർണത സാദ്ധ്യത കണ്ടെത്തലും നിർണ്ണയവും, പല്ല്, ചെവി,

കണ്ണ് രോഗങ്ങളുടെ വിലയിരുത്തലും പരിഹാര നിർദേശങ്ങളും, സമ്പൂർണ്ണ മാനസികാരോഗ്യം, അർബുദ ചികിത്സാ, തുടർചികിത്സ മാർഗ്ഗനിർദേശങ്ങൾ), ലാബ് പരിശോധനകൾ, മരുന്നുകൾ, RBSK സ്ക്രീനിങ്, ടെലിമെഡിസിൻ സേവനങ്ങൾ, പുനരധിവാസ സേവനങ്ങൾ, സാന്ത്വന പരിചരണം, റഫറൽ സേവനങ്ങൾ എന്നിവയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

**III) ലാബ് പരിശോധനകൾ**

19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ ഉത്തരവിലെ അനുബന്ധം 1-ൽ പരാമർശിച്ചിട്ടുള്ള എല്ലാ ലാബ് പരിശോധനകളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

**IV) മരുന്നുകൾ**

19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ആ.കു.വ ഉത്തരവിൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളിൽ നിന്ന് നൽകാവുന്ന 78 മരുന്നുകളുടെ പട്ടിക അനുബന്ധം 1 (B) ആയി ചേർത്തിട്ടുണ്ട്. അതിൽ ഫീൽഡ് പ്രവർത്തനങ്ങൾക്ക് നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 36 മരുന്നുകൾ, ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടിക 1-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ആദ്യ ഘട്ടമെന്ന നിലയിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് തുടർച്ചയായി ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

**V) ഉപകരണങ്ങൾ**

19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം. 131/2023/ ആ.കു.വ -യിലെ ഉത്തരവിൽ അനുബന്ധം 2(A) യിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ഉപകരണങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പാക്കേണ്ടതാണ്. ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വഴിയും, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വഴിയും ഉപകരണങ്ങൾ ലഭ്യമാക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുവാനുള്ള ഫണ്ടുകൾ കണ്ടെത്താവുന്നതാണ്.

**VI) പ്രവർത്തന സമയം**

19-01-2023 തീയതിയിലെ സ.ഉ.(സാധാ) നം 131/2023/ ആ.കു.വ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരമായിരിക്കും ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം.

## VII) ജീവനക്കാരുടെ യൂണിഫോം

യൂണിഫോം നിഷ്കർഷിച്ചിട്ടുള്ള എല്ലാ ജീവനക്കാരും ജോലി സമയത്ത് നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്. വനിതാ MLSP മാർക്ക് sky blue നിറമുള്ള സാരി അല്ലെങ്കിൽ ചുരിദാറാണ് യൂണിഫോം. പുരുഷ MLSP മാർക്ക് sky blue ഷർട്ടും കറുത്ത പാന്റ്സുമാണ് യൂണിഫോം. യൂണിഫോമിന് മുകളിൽ ധരിക്കുന്ന ഓവർക്കോട്ടിന്റെ രണ്ട് കൈകളിലും രണ്ട് സെൻറിമീറ്റർ വീതിയുള്ള പിങ്ക് (Pixie dust – 8137) നിറമുള്ള ബാന്റ് ഉണ്ടാവണം. JPHN മാർക്ക് നിലവിലെ യൂണിഫോം തന്നെ തുടർന്നും ഉപയോഗിക്കാം. JHI മാര്ക്ക് പ്രത്യേക യൂണിഫോം നിഷ്കർഷിച്ചിട്ടില്ല.

## VIII) ധനസ്രോതസ്സുകൾ

സംസ്ഥാന-ദേശീയ പ്രോഗ്രാമുകൾക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, ദേശീയ ആരോഗ്യ ദൗത്യം ഫണ്ട്, സി.എസ്.ആർ ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ്, ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ എന്നിവ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

എ) ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ചെയ്യേണ്ട ലാബ് ടെസ്റ്റുകൾക്ക് ആവശ്യമായ കിറ്റുകൾ വാങ്ങുന്നതിനും, അവ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും, സാമ്പിളുകൾ റഫറൽ ലാബുകളിലേക്ക് എത്തിക്കുന്നതിനും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, IEC എന്നിവ നൽകുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം മൂന്ന് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിലെ സ്കീം നാല് പ്രകാരം രോഗ പ്രതിരോധ, ആരോഗ്യ വർദ്ധക, ചികിത്സ, പുനരധിവാസം, സാന്ത്വന പരിചരണം മുതലായ വിവിധ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾക്കും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, ഇന്റർനെറ്റ് സേവനം എർപ്പെടുത്തുന്നതിനും, അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങൾക്കും വേണ്ട ചിലവുകൾ വഹിക്കാവുന്നതാണ്.

ബി) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള പിന്തുണ സേവനങ്ങളായോ, സാമഗ്രികളായോ, ഫണ്ടുകളായോ സ്വീകരിക്കാവുന്നതാണ്. സാമഗ്രികളായി ലഭിക്കുന്നവ അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ സ്റ്റോക്കിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പേരിൽ ലഭിക്കുന്ന സി.എസ്.ആർ ഫണ്ട്, ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ എന്നിവ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ/സാമൂഹികാരോഗ്യ /ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ

എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ രസീത് നൽകി സ്വീകരിച്ച് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുകയും ആയത് അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കേണ്ടതുമാണ്. ഇതിനായി മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് എന്നിവർ ചേർന്ന് ജോയിന്റ് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട വരവ് ചിലവ് കണക്കുകളും മറ്റ് ക്ലെറിക്കൽ ജോലികളും മാതൃസ്ഥാപനത്തിലെ ക്ലാർക്ക് നിർവഹിക്കേണ്ടതാണ്.

സി) സ്ഥാപനത്തിലേക്കുള്ള രജിസ്റ്ററുകൾ, മറ്റ് ദൈനംദിന സാധനങ്ങൾ, സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം ഉൾപ്പെടെയുള്ള ദൈനംദിന ചിലവുകൾ എന്നിവയ്ക്ക് തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് (09-04-2023 തീയതിയിലെ സ.ഉ.(കൈ) നം.90/2023/ത.സ്വ.ഭ.വ, ഉത്തരവ് പ്രകാരം), പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് തുടങ്ങിയവ ഉപയോഗപ്പെടുത്തേണ്ടതാണ്.

## IX) ബ്രാൻഡിംഗ്

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പുറം ചുമരുകൾക്ക് പിങ്ക് നിറവും (Pixie dust - 8137, Border-8134) ഉൾഭാഗത്ത് നീല (Blue bay-7329) നിറവുമാണ് പെയിന്റ് ചെയ്യേണ്ടത്. സ്ഥാപനത്തിന് അപ്പെൻഡിക്സ് 2 പ്രകാരമുള്ള നെയിം ബോർഡ് ഉണ്ടാകേണ്ടതാണ്. മുൻവശത്തെ ചുമരിൽ അപ്പെൻഡിക്സ് 3 പ്രകാരമുള്ള കോ-ബ്രാൻഡിങ് പതിപ്പിക്കേണ്ടതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും മേൽപ്പറഞ്ഞ നിറവും ബ്രാൻഡിങ്ങും കോ-ബ്രാൻഡിങ്ങും നിർബന്ധമാണ്.

ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള പരിവർത്തന പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യ ദൗത്യം വഴി നിലവിൽ അനുവദിച്ച ഏഴ് ലക്ഷം രൂപ മറ്റ് പ്രവർത്തനങ്ങൾ ക്കായി പൂർണ്ണമായും ചിലവാക്കിയ സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന ഫണ്ട് ബ്രാൻഡിംഗ് ചെയ്യാനായി ഉപയോഗിക്കാവുന്നതാണ്. ഇത് കൂടാതെ ദേശീയ ആരോഗ്യ ദൗത്യം 2023-24 സാമ്പത്തിക വർഷത്തെ ROP യിലെ ക്രമ നമ്പർ 150 ലെ ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അനുമതിയോടു കൂടി ഉപയോഗിക്കാവുന്നതാണ്.

## X) മാലിന്യ സംസ്കരണവും ശുചിത്വവും

ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഖര, ദ്രവ, ബയോമെഡിക്കൽ മാലിന്യങ്ങൾ നിലവിലെ നിയമങ്ങൾ പാലിച്ച് കൊണ്ട്

സംസ്കരിക്കേണ്ടതാണ്. ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ഹരിതകർമ്മസേനയുടെ സഹായത്തോടെ നീക്കം ചെയ്യാവുന്നതാണ്.

ബയോമെഡിക്കൽ മാലിന്യ പരിപാലനം കുടുംബാരോഗ്യ കേന്ദ്രവുമായി ചേർന്ന് നടപ്പിലാക്കേണ്ടതാണ്. ഇതിനുള്ള വാഹന സൗകര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കണം. ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള കളർ കോഡഡ് ബിൻ, കവർ, Tamper Proof Container എന്നിവ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേക്കും ആവശ്യാനുസരണം നൽകേണ്ടതാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ മാതൃ സ്ഥാപനത്തിൽ എത്തിക്കുന്നതിന് വേണ്ട പ്ലാൻ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രധാനമായും ലാബ് സംബന്ധിച്ചതായതിനാൽ ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് സ്കീം മൂന്ന് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ദൈനംദിന ശുചിത്വം ഉറപ്പാക്കേണ്ടത് ടീമംഗങ്ങൾ തന്നെയാണ്. അധികമായി ചെയ്യേണ്ടി വരുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത്, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനം തേടാവുന്നതാണ്. ഇങ്ങനെ ഫണ്ട് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് സ്കീം നാല് പ്രകാരമുള്ള ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. ജനകീയ ആരോഗ്യ കേന്ദ്ര ക്ഷേമ സമിതി ഇതിനുള്ള പിന്തുണ നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യണം.

## XI) ജനകീയ ആരോഗ്യ ക്ലബ്ബുകൾ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കണം. ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിന് ഒരു ജനകീയ ആരോഗ്യ ക്ലബ് എന്ന രീതിയിലാണ് രൂപം നൽകേണ്ടത്. ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. എല്ലാ വാർഡുകളിൽ നിന്നും ജനകീയ ആരോഗ്യ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള മൂന്ന് പേരെ വീതം വാർഡ് ടീം തിരഞ്ഞെടുത്ത് ജനകീയ ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നൽകാവുന്നതാണ്. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഈ അംഗങ്ങളെ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാറ്റാവുന്നതാണ്. ആരോഗ്യ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുക എന്നതാണ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം.

**ജനകീയ ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ**

ജീവിതശൈലീ രോഗ നിയന്ത്രണം, വയോജന ആരോഗ്യം, കൗമാരാരോഗ്യം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മാനസികോല്ലാസം, വ്യായാമം, യോഗ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ നടത്താം. ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യമായ രോഗപ്രതിരോധ, ആരോഗ്യവർദ്ധക സേവനങ്ങൾ, പ്രാഥമിക ചികിത്സ, പുനരധിവാസ സേവനങ്ങൾ, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ജനകീയ ആരോഗ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തണം.

- ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന അനാരോഗ്യകരമായ ജീവിതരീതികളെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിച്ച് ആരോഗ്യകരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിലുള്ള മുഴുവൻ ജനങ്ങളുടെയും ആരോഗ്യാവസ്ഥ പരിശോധിച്ച് രോഗങ്ങൾ ഉള്ളവരുടേയും രോഗ സാദ്ധ്യതയുള്ളവരുടേയും പട്ടിക തയ്യാറാക്കി രോഗ സാദ്ധ്യതയുള്ളവർക്ക് രോഗനിർ ണ്ണയം നടത്തുവാനായി സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ഈ ക്യാമ്പുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ കൂടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്.
- ജനങ്ങളുടെ വ്യായാമ ശീലം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. നടത്തം, യോഗ, ജിം, സൈക്ലിംഗ്, നീന്തൽ, മറ്റ് കായിക വിനോദങ്ങൾ തുടങ്ങിയവയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുകയും പൊതുജനങ്ങൾ അത്തരം വ്യായാമങ്ങളിൽ ഏർപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.
- പൊതുജനങ്ങളുടെ ഭക്ഷണ ശീലങ്ങൾ ആരോഗ്യകരമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണം. ആഹാരത്തിൽ ഉപ്പിന്റെ അളവ് കുറയ്ക്കൽ, ഹെൽത്തി പ്ലേറ്റിന്റെ പ്രചാരണം, പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തൽ, പ്രാദേശികമായി ഇവ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം മുതലായവ ഇതിന്റെ ഭാഗമായി നടത്താവുന്നതാണ്.
- ലഹരി ഉപയോഗത്തിന് എതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- രോഗം മൂലവും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ മൂലവും പ്രയാസപ്പെടുന്നവർക്ക് മാനസിക സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തണം. ഇതോടൊപ്പം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായും ജീവിതശൈലീരോഗ സങ്കീർണ്ണതകൾ ഉള്ളവർക്കായും ജനകീയ കൂട്ടായ്മയ്ക്കുള്ള ഇടങ്ങൾ ഒരുക്കുക, പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക എന്നിവയും നടപ്പിലാക്കാവുന്നതാണ്.

- വയോജനങ്ങൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ, പാർശ്വവത്കൃതർ എന്നിവർക്ക് പിന്തുണ ഒരുക്കുക.
- അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.
- പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ (ഉദാ: ഉറവിട നശീകരണം, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ) നടത്തേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി മാലിന്യം സംസ്കരിക്കുന്നതിനുള്ള രീതികൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
- ജനകീയ ആരോഗ്യ കേന്ദ്ര പരിധിയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതാണ്.

വിവിധ പ്രോഗ്രാമുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം, എൻഎച്ച്എം, പ്ലാൻ ഫണ്ട് എന്നിവ വഴി ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ചാണ് ജനകീയ ആരോഗ്യ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. സന്നദ്ധ സംഘടനകളുടെ സംഭാവന, സി.എസ്.ആർ ഫണ്ട്, വ്യക്തികളുടെ സംഭാവനകൾ മുതലായവയും ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ സമാഹരിക്കാം. ആരോഗ്യ പ്രവർത്തനങ്ങൾക്ക് വേണ്ട സാമഗ്രികൾ സംഭാവനയായി ലഭിക്കുന്നത് ഡോണേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഫണ്ടുകൾ മാതൃസ്ഥാപനത്തിലെ പ്രത്യേക അക്കൗണ്ടിലേക്ക് സ്വീകരിച്ച് അതാത് ജനകീയ ആരോഗ്യ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. **ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിലാണ് ജനകീയ ആരോഗ്യ ക്ലബ്ബുകൾ പ്രവർത്തിക്കേണ്ടത്.** ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ക്ലബ്ബ് പ്രവർത്തിക്കേണ്ടത്. ജനകീയ ആരോഗ്യ ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ജനകീയ ആരോഗ്യ ക്ലബ്ബുകൾ ജനങ്ങൾക്കിടയിൽ ആരോഗ്യ വർദ്ധക, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## XII) ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നിരീക്ഷണവും വിലയിരുത്തലും

ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഭരണപരമായ ചുമതല മാതൃസ്ഥാപനത്തിലെ ചാർജ്ജ് മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്. JPHN മാരുടെ പ്രവർത്തനങ്ങൾ PHN നും JHI മാരുടെ പ്രവർത്തനങ്ങൾ HI യും MLSP മാരുടെ പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസർമാരും നിരീക്ഷിക്കേണ്ടതാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും

മാതൃസ്ഥാപനത്തിലേക്ക് അയയ്ക്കേണ്ട റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കി നൽകേണ്ട ചുമതല ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ കൂട്ടുത്തരവാദിത്തമാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും പ്രതിമാസ കോൺഫറൻസ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭിച്ചു എന്ന് HI, PHN, മെഡിക്കൽ ഓഫീസർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ റിപ്പോർട്ടിംഗിന്റെ മേൽനോട്ട ചുമതല മാതൃസ്ഥാപനത്തിലെ സൂപ്പർവൈസർമാർക്ക് വീതിച്ചു നൽകാവുന്നതാണ്. മെഡിക്കൽ ഓഫീസർമാർ മാസത്തിൽ ഒരു തവണയെങ്കിലും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തണം. മാതൃസ്ഥാപനത്തിൽ നടക്കുന്ന പ്രതിവാര അവലോകന യോഗങ്ങളിൽ ജനകീയ ആരോഗ്യ കേന്ദ്ര ടീമിലെ ഒരു അംഗമെങ്കിലും ബന്ധപ്പെട്ട രേഖകളുമായി പങ്കെടുക്കേണ്ടതാണ്. പ്രതിമാസ കോൺഫറൻസുകളിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്യേണ്ടതാണ്. 07-03-2019 തീയതിയിലെ സ.ഉ.(സാധാ) നം. 557/2019/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തുന്ന പ്രതിമാസ ആരോഗ്യ അവലോകന യോഗങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്.

ബ്ലോക്ക് മെഡിക്കൽ ഓഫീസറും ബ്ലോക്ക് തലത്തിലുള്ള മറ്റ് സൂപ്പർവൈസർമാരും ബ്ലോക്കിന് കീഴിലുള്ള ഓരോ സ്ഥാപനങ്ങളിലേയും ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിലെങ്കിലും മാസത്തിൽ ഒരു തവണ സന്ദർശനം നടത്തേണ്ടതാണ്. ബ്ലോക്ക് തലത്തിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇതോടൊപ്പം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ബ്ലോക്ക് തലത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലേയും JPHN, JHI, MLSP എന്നിവരെ വിളിച്ചു ചേർത്ത് വിശദമായ അവലോകനവും പരിശീലനങ്ങളും നടത്തേണ്ടതാണ്.

ജനകീയ ആരോഗ്യ കേന്ദ്ര തലത്തിൽ നടക്കുന്ന പ്രോഗ്രാമുകളുടെ ജില്ലാ തല ചുമതല അതാത് പ്രോഗ്രാം ഓഫീസർമാർക്ക് തന്നെയാണ്. സ്ഥാപനം എന്ന നിലയിലുള്ള മേൽനോട്ട ചുമതലകൾ ഒരു ഡെപ്യൂട്ടി ഡി.എം.ഒയ്ക്ക് നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ ജില്ലയിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടം കൃത്യമായി നടത്തേണ്ടതാണ്.

ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിലേയും DPMSU വിലേയും എല്ലാ പ്രോഗ്രാം ഓഫീസർമാരും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. മൂന്ന് മാസത്തിലൊരിക്കൽ ജില്ലയിലെ എല്ലാ

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ഒരു ജില്ലാ തല ഓഫീസറെങ്കിലും എത്തുന്ന തരത്തിൽ സന്ദർശനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ക്രമീകരിക്കേണ്ടതാണ്.

## അപ്പെൻഡിക്സ് 1: ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ഉണ്ടാകേണ്ട മരുന്നുകൾ

1. Lignocaine topical 5%
2. Paracetamol
3. Albendazole
4. DEC
5. Doxycycline
6. Clotrimazole ointment/cream
7. Povidone Iodine
8. Iron Folic acid
9. Folic acid tablet
10. Calamine lotion
11. Potassium permanganate 0.1%
12. Betadine ointment
13. Metrogyl for dressing
14. Turpentine
15. Surgical spirit
16. Hydrogen peroxide solution 6%
17. Bleaching powder
18. ORS
19. Zinc
20. OCP
21. IUCD
22. Male Condom
23. EC pill
24. FP commodities
25. Normal saline drops
26. Normal saline for dressing
27. Vitamin C tablet 100mg
28. Calcium carbonate tablet
29. Pyridoxine tablet
30. Vitamin A oral liquid
31. B complex tablet

### Emergency Medicines

32. Aspirin tablet 75mg
33. Hydrocortisone injection
34. Adrenaline injection 1mg/ml
35. Atropine injection 1mg/ml
36. Silver Sulfadiazine cream

## അപ്പെൻഡിക്സ് **2:** ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ നെയിം ബോർഡിന്റെ മാതൃക

കേരള സർക്കാർ

ജനകീയ ആരോഗ്യ കേന്ദ്രം

Health and Wellness Centre

## അപ്പെൻഡിക്സ് **3:** മുൻവശത്തെ ചുമരിൽ പഠിപ്പിക്കേണ്ട കോ-ബ്രാൻഡിങ്ങിന്റെ മാതൃക

കേരള സർക്കാർ

ജനകീയ ആരോഗ്യ കേന്ദ്രം

Health and Wellness Centre

